വി. എസ്സ്. എസ്സ്. സി. ക്കു വേണ്ടി കുടിഒഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസം

229 [247] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വി. എസ്സ്. എസ്സ്. സി. ക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവരിൽ ഇനിയും പുനരധിവസിപ്പിക്കാനുള്ള വേളി-പള്ളിത്തുറ നിവാസികളായ മത്സ്യത്തൊഴിലാളികളെ പുനഃരധിവസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പുനരധിവസിപ്പിക്കാനുള്ള സത്വരനടപടികളും സ്വീകരിച്ചുവരുന്നു.

ഗവൺമെൻറ് ഏറ്റെടുത്ത മിച്ചഭൂമി

230 [248] ശ്രീ. കെ. മൂസ്സാകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 1986 മാർച്ച് 31 വരെ ഗവൺമെൻറ് ഏറ്റെടുത്ത എത്ര ഏക്കർ മിച്ചഭൂമിയാണുള്ളത്;

(ബി) ഇതിൽ വിതരണം ചെയ്തതെത്ര;

(സി) കേസ് നിലവിലുള്ളതിനാൽ വിതരണം ചെയ്യാൻ കഴിയാതെ പോയ ഭൂമി എത്ര ?

ഉത്തരം

(എ) 1986 മാർച്ച് 31 വരെ 88528 ഏക്കർ മിച്ചഭൂമി ഗവൺമെൻറ് ഏറ്റെടുത്തിട്ടുണ്ട്;

(ബി) ഇതിൽ 60871 ഏക്കർ മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(സി) ഹൈക്കോടതിയിൽ കേസുകൾ ഉള്ളതിനാൽ 4128 ഏക്കർ മിച്ചഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

സ്ഥലം പതിച്ചുകിട്ടുന്നതിന് യേശുദാസ് നൽകിയ അപേക്ഷ

231 [251] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ തുറന്ന ജയിലിനോടനുബന്ധിച്ചുള്ള കുറേസ്ഥലം പതിച്ചുകിട്ടുന്നതിനുവേണ്ടി സിനിമാ പിന്നണി ഗായകൻ ശ്രീ. കെ. ജെ. യേശുദാസ് അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly